# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

**തിരഞ്ഞെടുപ്പ്– അടിയന്തിരം**

നമ്പർ: 6330/ബി/2015/സം.തി.ക. തീയതി : 21.10.2015

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ വരണാധികാരികൾക്കും.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-പൊതു തിരഞ്ഞെടുപ്പ് 2015-TREND - മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരുവിവരം Data entry വരുത്തുന്നത്- സംബന്ധിച്ച് .

********

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുതിരഞ്ഞെടുപ്പിലെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്ത TREND സോഫ്റ്റ്‌വെയറിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരു വിവരം അടിയന്തിരമായി Data entry വരുത്തേണ്ടതുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ "lsgelection.kerala.gov.in/eroll " എന്ന വെബ്സൈറ്റിൽ Browse site ക്ലിക്ക് ചെയ്ത് രണ്ട് തലങ്ങളിലായി വേണം ഇവ എൻട്രി വരുത്തി confirm ചെയ്യേണ്ടത്. ആദ്യ തലത്തിൽ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ <u>ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ/സെക്രട്ടറിമാർ</u> Entry User ID ലോഗിൻ ചെയ്ത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലെയും 6-ാം നമ്പർ ഫാറത്തിലെ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ വിവരങ്ങൾ അതേപോലെ നിശ്ചിത കോളങ്ങളിൽ എൻട്രി വരുത്തണം.

Entry User → Select Candidate → LB/UB Candidate → Select LB → Type Candidate Code → Select Name prefix → Type name in English & Malayalam → Address in Malayalam → Select Sex → Select Party (so on for all candidates) Click on 'SAVE' button.
(ഒരു തവണ 5 സ്ഥാനാർത്ഥികളുടെ വിവരങ്ങൾ വരെ നൽകി 'SAVE' ചെയ്യാവുന്നതാണ്)

മേൽപ്പറഞ്ഞ പ്രകാരം എല്ലാ വാർഡുകളിലെയും മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി 'SAVE' ചെയ്യണം.

അടുത്ത തലത്തിൽ, <u>വരണാധികാരികൾ</u> Admin User ID ലോഗിൻ ചെയ്ത് മേൽപ്പറഞ്ഞ പ്രകാരം എല്ലാ വാർഡുകളിലെയും രേഖപ്പെടുത്തിയ വിവരങ്ങൾ വളരെ സൂക്ഷ്മതയോടെ പരിശോധിച്ച് കൃത്യത ഉറപ്പാക്കി confirm ചെയ്യണം. Admin User → Candidate → Candidate Report/ confirm → Confirm link → confirm.

മേൽപ്പറഞ്ഞ പ്രവൃത്തികൾ ബന്ധപ്പെട്ട സെക്രട്ടറിമാരും വരണാധികാരികളും വളരെ കൃത്യതയോടെ, 23.10.2015 നകം പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഒന്നിലധികം വരണാധികളുള്ള സ്ഥാപനങ്ങളിൽ ആദ്യത്തെ വാർഡുകളുടെ ചുമതല വരുന്ന വരണാധികാരികൾ വേണം ഈ പ്രവൃത്തി ചെയ്യേണ്ടത്. ഇതിലേയ്ക്ക് മറ്റ് വരണാധികാരികൾ ഫാറം 6-ന്റെ പകർപ്പ് നൽകേണ്ടതാണ്. കൂടാതെ പേരു വിവരവും ചിഹ്നവും കക്ഷിബന്ധവും വളരെ സൂക്ഷമതയോടെ വേണം എൻട്രി വരുത്തി confirm ചെയ്യേണ്ടതെന്നും ഇവയിൽ ഉണ്ടാകുന്ന അപാകതകൾ തിരഞ്ഞെടുപ്പ് ഫലത്തെ ബാധിക്കുമെന്നുള്ള വിവരം പ്രത്യേകം ഓർമ്മിക്കുന്നു. അതോടൊപ്പം ഈ പ്രവൃത്തിയിൽ Reset Provision ഇല്ലായെന്നും അവയിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

**ഒപ്പ്**

പി.ഗീത
സെക്രട്ടറി

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഓഫീസർമാർക്കും.
എല്ലാ സെക്ഷനുകൾക്കും.
പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി